# സൂറ – 27 / അന്നംല്

## സൂക്തം: 67 – 75

തൗറാത്തിന്റെ കാര്യത്തിൽ, ഭേദഗതികളുണ്ടായതിനു പുറമെ അത് പരസ്പരവിരുദ്ധമായ നിവേദനങ്ങളുടെ സമാഹാരമായിത്തീർന്നുവെന്നതും തർക്കങ്ങൾക്കും ഭിന്നിപ്പുകൾക്കും കാരണമായിട്ടുണ്ട്. അതിലെ ഒറിജിനൽ വചനങ്ങളേത്, തിരുകിക്കയറ്റിയ വചനങ്ങളേത് എന്ന് തിരിച്ചറിയാനാവാത്ത അവസ്ഥയാണുള്ളത്. അതുമൂലം അല്ലാഹു നൽകിയ വെളിച്ചം അവർക്ക് വിലക്കപ്പെട്ടു. ആ ഇരുട്ടിനെ തുടച്ചുമാറ്റി അവരെ വെളിച്ചത്തിലേക്ക് നയിക്കാനാണ് ഖുർആൻ ശ്രമിച്ചത്.



إِنَّ هَٰذَا الْقُرْآنَ يَقُصُّ عَلَىٰ بَنِي إِسْرَائِيلَ أَكْثَرَ الَّذِي هُمْ فِيهِ يَخْتَلِفُونَ ﴿٧٦﴾

76. ഈ ഖുർആൻ ഇസ്രാഈല്യർക്ക് അവർ ഭിന്നിക്കുന്ന അധിക സംഗതികളുടെയും യാഥാർഥ്യം വിശദീകരിച്ചുകൊടുക്കുന്നുണ്ട്.

وَإِنَّهُ لَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٧٧﴾

77. സത്യധർമങ്ങളിൽ വിശ്വാസമുള്ളവർക്ക് ഇത് സന്മാർഗദർശകവും ദൈവകാരുണ്യവുമാകുന്നു എന്നതത്രെ സത്യം.

إِنَّ رَبَّكَ يَقْضِي بَيْنَهُم بِحُكْمِهِ ۚ وَهُوَ الْعَزِيزُ الْعَلِيمُ ﴿٧٨﴾

78. നിശ്ചയം, നിന്റെ നാഥൻ അവന്റെ ശാസനാധികാരത്താൽ ജനങ്ങൾക്കിടയിൽ തീർപ്പു കൽപിക്കുന്നു. അവൻ അജയ്യനും സർവജ്ഞനുമല്ലോ.

**76–78**

إِنَّ هَٰذَا الْقُرْآنَ = തീർച്ചയായും ഈ ഖുർആൻ
يَقُصُّ عَلَىٰ بَنِي إِسْرَائِيلَ = ഇസ്രാഈൽ മക്കൾക്ക് കഥ പറഞ്ഞു (വിശദീകരിച്ചു) കൊടുക്കുന്നുണ്ട്
أَكْثَرَ الَّذِي هُمْ فِيهِ يَخْتَلِفُونَ = അവർ ഭിന്നിക്കുന്നതെന്തിലാണോ അതിൽ അധികത്തെയും (ഭിന്നിക്കുന്ന അധിക സംഗതികളുടെയും) യാഥാർഥ്യം
وَإِنَّهُ = തീർച്ചയായും ഇത് لَهُدًى = സന്മാർഗ(ദർശക)വും وَرَحْمَةٌ = ദൈവകാരുണ്യവും തന്നെയാകുന്നു (എന്നതത്രെ സത്യം)
لِّلْمُؤْمِنِينَ = വിശ്വസിക്കുന്ന(സത്യധർമങ്ങളിൽ വിശ്വാസമുള്ള)വർക്ക്
إِنَّ رَبَّكَ يَقْضِي = നിശ്ചയം നിന്റെ നാഥൻ തീർപ്പു കൽപിക്കുന്നു بَيْنَهُم = അവർ(ജനങ്ങൾ)ക്കിടയിൽ
بِحُكْمِهِ = അവന്റെ ശാസനാധികാരത്താൽ, ജ്ഞാനത്താൽ وَهُوَ الْعَزِيزُ الْعَلِيمُ = അവൻ സർവജ്ഞനായ അജയ്യനാകുന്നു

ഈ സൂക്തത്തിൽ يَقُصُّ ഉപയോഗിച്ചിരിക്കുന്നത് പറഞ്ഞുകൊടുക്കുക, വിശദീകരിച്ചു കൊടുക്കുക എന്ന അർഥത്തിലാണ്. *ആലുഇംറാൻ* മുതൽ ഇതുവരെയുള്ള നിരവധി സൂറകളിൽ قِصَّة -യുടെ വിവിധ രൂപങ്ങൾ വന്നിട്ടുണ്ട്. ഉദാ: *അന്നിസാഅ്* 164, *അൽഅൻആം* 57, *അൽഅഅ്റാഫ്* 7, *അൽകഹ്ഫ്* 64 സൂക്തങ്ങൾ. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്ക് താഴെ നോക്കുക. حكم -ന്റെ ആശയവും നേരത്തേ വിശദമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇവിടെ അതിനു രണ്ട് ആശയമാകാം: 1. ശാസനാധികാരം, വിധികർതൃത്വം. 2. ജ്ഞാനം, കാര്യങ്ങളുടെ ആന്തരിക യാഥാർഥ്യങ്ങൾ ഗ്രഹിക്കാനുള്ള വൈഭവം. ഈ സന്ദർഭത്തിൽ രണ്ടർഥവും സാധുവാകുന്നതാണ്. ഒന്നാമത്തേതനുസരിച്ച്, അല്ലാഹു അവന്റെ ശാസനാധികാരത്താൽ വിധിക്കുന്നു എന്നും രണ്ടാമത്തേ

തനുസരിച്ച് അല്ലാഹു അവന്റെ യാഥാർഥ്യ ജ്ഞാനമനുസരിച്ച് വിധിക്കുന്നു എന്നും. രണ്ടർഥങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്. بَنِي إِسْرَائِيلَ -ഇസ്രാഈൽമക്കൾ കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ജൂത-ക്രൈസ്തവ മതവിഭാഗങ്ങളെ പൊതുവിലാണ്.

ഈ സൂക്തങ്ങൾക്ക് വ്യത്യസ്ത മാനങ്ങളുണ്ട്. ഖുർആനിന്റെ ദൈവികതക്കുള്ള തെളിവ് എന്നതാണ് ഒരു മാനം. ഇസ്രാഈല്യർ രണ്ട് മതവിഭാഗങ്ങളായി ഭിന്നിച്ചിരിക്കുന്നു. ഓരോ വിഭാഗവും വേദഗ്രന്ഥത്തിന്റെ വാഹകരാകുന്നു. ഓരോ വിഭാഗവും അവർക്കുള്ളിൽതന്നെയും പല ഭിന്നതകളും പുലർത്തുന്നു. ഈ ഭിന്നതകളേറെയും മൗലികവും ആദർശപരവുമാണ്. അത്തരം ഭിന്നതകളുടെയെല്ലാം യാഥാർഥ്യം ഖുർആൻ അവർക്ക് വിശദീകരിച്ചുകൊടുക്കുന്നുണ്ട്. അതല്ലാത്ത ഉപരിപ്ലവമായ കുറച്ചു ഭിന്നതകളെ ഖുർആൻ അവഗണിച്ചിരിക്കുന്നു. മുഹമ്മദ് നബി നിരക്ഷരനാണ്. ജൂത-ക്രൈസ്തവ മതവിഭാഗങ്ങളുമായി നേരത്തേ അദ്ദേഹത്തിന് കാര്യമായ സമ്പർക്കം ഉണ്ടായിട്ടുമില്ല. ഇസ്രാഈല്യരുടെ വിശ്വാസാചാരപരമായ ഭിന്നതകളിൽ വിധിപറയുന്നതിരിക്കട്ടെ, അതെന്താണെന്നറിയാൻ പോലും സ്വന്തം നിലയിൽ അദ്ദേഹത്തിനു സാധ്യമല്ല. എന്നിരിക്കെ അദ്ദേഹം ഓതിക്കേൾപ്പിക്കുന്ന ഖുർആൻ ഇസ്രാഈല്യർ തമ്മിലുള്ള തർക്കങ്ങളുടെ യാഥാർഥ്യത്തെ വിശദീകരിക്കുന്നു എന്നത് ഖുർആൻ അദ്ദേഹത്തിന്റെ രചനയല്ല, അല്ലാഹുവിങ്കൽനിന്ന് അവതീർണമായ സത്യവചനങ്ങളാകുന്നു എന്നതിന്റെ വ്യക്തമായ തെളിവാകുന്നു. തങ്ങൾ ദൈവപുത്രന്മാരാണ്, ജനന്മനാ സ്വർഗാവകാശികളാണ്, ദൈവം പ്രവാചകന്മാരെ നിയമിക്കുകയാണെങ്കിൽ ഇസ്രാഈല്യരിൽനിന്നേ നിയമിക്കൂ, ഈസാ(അ)യുടെ മാതാവ് മർയം ചാരിത്രവതിയല്ല, ഈസാ(അ) ജാര സന്തതിയാണ് തുടങ്ങിയ യഹൂദരുടെ വാദങ്ങളുടെയും ത്രിയേകത്വം, ഈസാ(അ) ദൈവപുത്രനാണ്, അദ്ദേഹം കുരിശിലേറ്റപ്പെട്ടു തുടങ്ങിയ ക്രൈസ്തവ സങ്കൽപങ്ങളുടെയും യാഥാർഥ്യം ഖുർആൻ തുറന്നുകാണിക്കുന്നുണ്ട്.

ഇസ്‌ലാമിനും ഖുർആനിനുമെതിരെ ഇസ്രാഈല്യർ ഉന്നയിക്കുന്ന വിമർശനങ്ങൾക്കുള്ള മറുപടി എന്നതാണ് മറ്റൊരു മാനം. ആദ്യഘട്ടത്തിൽ ഇസ്രാഈല്യർ-വിശേഷിച്ച് യഹൂദർ ഇസ്‌ലാമിനെ നിരക്ഷരനായ ഒരറബിയുടെ തമാശയായേ കണ്ടിരുന്നുള്ളൂ. കാണക്കാണെ ഇസ്‌ലാം സമൂഹത്തിൽ വേരോടിവളരുന്നതു കണ്ടപ്പോൾ അവർ പരോക്ഷമായി വിഗ്രഹാരാധകരെ പിന്തുണച്ചുകൊണ്ടിരുന്നു. പ്രവാചകനെ ഉത്തരം മുട്ടിക്കാൻ സങ്കീർണവും അജ്ഞേയവുമായ വിഷയങ്ങളിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ ഖുറൈശികളെ ഉപദേശിച്ചിരുന്നത് അധികവും യഹൂദരായിരുന്നു. അതുകൊണ്ട് ഉദ്ദിഷ്ട ഫലം ലഭിക്കാതായപ്പോൾ ക്രമേണ അവർ മറനീക്കി എതിർചേരിയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഈ സാഹചര്യത്തിലാണ് പ്രകൃത സൂക്തം അവതരിക്കുന്നത്. തുടർന്നുള്ള സൂറകളിൽ ഈ വിഷയം കൂടുതൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

താൽപര്യമിതാണ്: ഖുർആൻ ഇസ്മാഈലി(ഖുറൈശി)കൾക്ക് എപ്രകാരം ന്യായം പൂർത്തീകരിച്ചുകൊടുക്കുന്നുവോ അപ്രകാരം ഇസ്രാഈല്യർക്കും പൂർത്തീകരിച്ചുകൊടുക്കുന്നുണ്ട്. പരസ്പരഭിന്നത മൂലം പല കാര്യങ്ങളുടെയും അവർക്ക് അജ്ഞാതമായ യാഥാർഥ്യങ്ങൾ ഖുർആൻ കൺമുന്നിൽ തുറന്നുവെക്കുന്നു. ഖുർആനിന്റെ ഋജുവായ പ്രമാണങ്ങളിൽ വിശ്വസിക്കാൻ തയാറാകുന്നവരെ അത് നിത്യമായ സന്മാർഗത്തിലേക്കും ദൈവകാരുണ്യത്തിലേക്കും നയിക്കും- وَإِنَّهُ لَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ.

നിങ്ങൾ ഭിന്നിച്ച കാര്യങ്ങളിൽ അല്ലാഹു വിധിപറയുന്നത് അവന്റെ മൗലികവും ആധികാരികവുമായ ജ്ഞാനത്തിന്റെയും അജയ്യമായ ശാസനാധികാരത്തിന്റെയും അടിസ്ഥാനത്തിലാണ്. ആ വിധികളെ മാനിക്കാതെ സ്വന്തം മുൻധാരണകളിലും ഭിന്നതകളിലും അഭിരമിച്ച് മുന്നോട്ടുപോവുകയാണെങ്കിൽ ഓർത്തിരിക്കുക, അവൻ നിങ്ങളെ മുന്നിൽ നിർത്തി നേരിട്ടു വിധി പറയുന്ന ഒരുനാൾ വരുന്നുണ്ട്. ഇതാണ് إِنَّ رَبَّكَ يَقْضِي بَيْنَهُم بِحُكْمِهِ എന്ന വാക്യത്തിന്റെ താൽപര്യം. ഈ വാക്യം പരലോകത്തെ അന്തിമ വിചാരണയെയും വിധിയെയും മാത്രമാണ് സൂചിപ്പിക്കുന്നത് എന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഖുർആനിന്റെ വിധിവിലക്കുകളെയും പരലോകത്തെ അന്ത്യവിധിയെയും ഉൾക്കൊള്ളാൻ പാകത്തിലുള്ളതാണ് വാക്യ ഘടന. അല്ലാഹുവിന്റെ വിധിയെയും അത് നടപ്പിലാക്കുന്നതിനെയും തടയാൻ കഴിയുന്നവരായി ആരുമില്ല. എന്തിനെ കുറിച്ചും വിധിപറയാൻ ആവശ്യമായ പ്രപഞ്ചസത്യങ്ങൾ അവനേക്കാൾ അറിയുന്നവരും ആരുമില്ല. ഇതാണ് ഇവിടെ അല്ലാഹുവിന്റെ അജയ്യൻ- عزيز, സർവജ്ഞൻ - عليم എന്നീ ഗുണങ്ങൾ അനുസ്മരിച്ചതിന്റെ താൽപര്യം.

പ്രകൃത സൂക്തങ്ങളുടെ ആശയം നേരത്തേ രണ്ടിടങ്ങളിൽ വ്യത്യസ്ത ശൈലികളിൽ അവതരിപ്പിച്ചിട്ടുണ്ട്: ''ഇസ്രാഈൽ മക്കൾക്ക് നാം വിശിഷ്ടമായ പാർപ്പിടമൊരുക്കിക്കൊടുത്തും, സംശുദ്ധമായ ജീവിത വിഭവങ്ങളരുളി. ജ്ഞാനം ലഭിച്ചുകഴിഞ്ഞ ശേഷം തന്നെയാണ് അവർ പരസ്പരം ഭിന്നിച്ചത്. അവർ ഭിന്നിച്ച കാര്യങ്ങളിൽ ഉയിർത്തെഴുന്നേൽപു നാളിൽ തീർച്ചയായും നിന്റെ നാഥൻ വിധി കൽപിക്കുന്നതാകുന്നു'' (10:93). ''മൂസാക്ക് നാം വേദമരുളിയിട്ടുണ്ടായിരുന്നു. അതിൽ ഭിന്നിപ്പുളവായി. നിന്റെ നാഥങ്കൽനിന്ന് നേരത്തേ ഒരു വചനം ഇല്ലായിരുന്നുവെങ്കിൽ, ഭിന്നിച്ചവർക്കിടയിൽ ഇതിനകം തീർച്ചയായും വിധികൽപിക്കപ്പെട്ടിട്ടുണ്ടാകുമായിരുന്നു. അവരിപ്പോഴും അതേപ്പറ്റി സങ്കീർണമായ സന്ദേഹത്തിൽ തന്നെയാകുന്നു'' (*ഹൂദ്* 110).

തൗറാത്തിന്റെ കാര്യത്തിൽ, ഭേദഗതികളുണ്ടായതിനു പുറമെ അത് പരസ്പരവിരുദ്ധമായ നിവേദനങ്ങളുടെ സമാഹാരമായിത്തീർന്നുവെന്നതും തർക്കങ്ങൾക്കും ഭിന്നിപ്പുകൾക്കും കാരണമായിട്ടുണ്ട്. അതിലെ ഒറിജിനൽ വചനങ്ങളേത്, തിരുകിക്കയറ്റിയ വചനങ്ങളേത് എന്ന് തിരിച്ചറിയാനാവാത്ത അവസ്ഥയാണുള്ളത്. അതുമൂലം അല്ലാഹു നൽകിയ വെളിച്ചം അവർക്ക് വിലക്കപ്പെട്ടു. ആ ഇരുട്ടിനെ തുടച്ചുമാറ്റി അവരെ വെളിച്ചത്തിലേക്ക് നയിക്കാനാണ് ഖുർആൻ ശ്രമിച്ചത്. അവരാകട്ടെ ആ വെളിച്ചം ഊതിക്കെടുത്താൻ പ്രയത്നിക്കുകയായിരുന്നു. ■

فَتَوَكَّلْ عَلَى اللَّهِ إِنَّكَ عَلَى الْحَقِّ الْمُبِينِ ﴿٧٩﴾

إِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ ﴿٨٠﴾

وَمَا أَنتَ بِهَادِي الْعُمْيِ عَن ضَلَالَتِهِمْ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِآيَاتِنَا فَهُم مُّسْلِمُونَ ﴿٨١﴾

79. ആകയാൽ പ്രവാചകൻ അല്ലാഹുവിൽ സർവസ്വം സമർപ്പിക്കുക. തീർച്ചയായും തെളിഞ്ഞ സത്യത്തിൽ തന്നെയാണ് നീ നിലകൊള്ളുന്നത്.

80. മരിച്ചവരെ കേൾപ്പിക്കാൻ നിനക്കാവില്ല. ബധിരന്മാരെയും വിളി കേൾപ്പിക്കാൻ കഴിയില്ല- അവർ പുറംതിരിഞ്ഞ് അകന്നുപോകുമ്പോൾ വിശേഷിച്ചും.

81. അന്ധരെ ദുർമാർഗത്തിൽനിന്ന് രക്ഷിച്ച് സന്മാർഗത്തിലേക്കു നയിക്കാനും നിനക്കാവില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാൻ സന്മനസ്സുള്ളവരെ മാത്രമേ നിനക്ക് കേൾപ്പിക്കാൻ കഴിയൂ. അവരാകുന്നു അല്ലാഹുവിന്റെ ആജ്ഞാനുവർത്തികൾ -മുസ്‌ലിംകൾ.

**79-81**

فَتَوَكَّلْ عَلَى اللَّهِ = ആകയാൽ നീ(പ്രവാചകൻ) അല്ലാഹുവിൽ ഭരമേൽപിക്കുക (സർവസ്വം സമർപ്പിക്കുക)

إِنَّكَ = തീർച്ചയായും നീ (നിലകൊള്ളുന്നത്) عَلَى الْحَقِّ الْمُبِينِ = തെളിഞ്ഞ സത്യത്തിൽ തന്നെയാണ്

إِنَّكَ لَا تُسْمِعُ الْمَوْتَىٰ = നീ തീർച്ചയായും മരിച്ചവരെ കേൾപ്പിക്കുകയില്ല (കേൾപ്പിക്കാൻ നിനക്കാവില്ല)

وَلَا تُسْمِعُ الصُّمَّ الدُّعَاءَ = ബധിരനെയും (ന്മാരെയും) വിളി കേൾപ്പിക്കുകയില്ല (കേൾപ്പിക്കാൻ നിനക്കു കഴിയില്ല)

إِذَا وَلَّوْا مُدْبِرِينَ = അവർ പുറംതിരിഞ്ഞവരായി തിരിഞ്ഞുപോകുമ്പോൾ (പുറംതിരിഞ്ഞ് അകന്നുപോകുമ്പോൾ വിശേഷിച്ചും)

وَمَا أَنتَ = (നിനക്കാവില്ല) നീ അല്ല بِهَادِي الْعُمْيِ = അന്ധനെ(രെ) സന്മാർഗത്തിലേക്കു നയിക്കുന്നവൻ (നയിക്കാൻ)

عَن ضَلَالَتِهِمْ = (രക്ഷിച്ച്) അവരുടെ ദുർമാർഗത്തിൽനിന്ന് إِن تُسْمِعُ = നീ കേൾപ്പിക്കുന്നില്ല (നിനക്ക് കേൾപ്പിക്കാൻ കഴിയൂ)

إِلَّا مَن يُؤْمِنُ بِآيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവനെ യല്ലാതെ (വിശ്വസിക്കാൻ സന്മനസ്സുള്ളവരെ മാത്രമേ)

فَهُم = അവരാകുന്നു مُّسْلِمُونَ = മുസ്‌ലിംകൾ (അല്ലാഹുവിന്റെ ആജ്ഞാനുവർത്തികൾ)

പ്രതിയോഗികളുടെ ഈ നിലപാടിൽ നൈരാശ്യമോ പരാജയബോധമോ വേണ്ടതില്ലെന്ന് പ്രവാചകനെ ആശ്വസിപ്പിക്കുകയാണീ വചനങ്ങൾ. താങ്കൾ സർവവും അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് മുന്നോട്ടുപോവുക. അവരുടെ കുതന്ത്രങ്ങളെല്ലാം അല്ലാഹു കൈകാര്യം ചെയ്തുകൊള്ളും. സത്യത്തിന്റെയും ധർമത്തിന്റെയും സുവ്യക്തമായ പാതയിൽ തന്നെയാണ് താങ്കൾ നിലകൊള്ളുന്നത്. ആ സത്യം ഒരുനാൾ ഈ ദേശത്ത് വെന്നിക്കൊടി പാറിക്കുക തന്നെ ചെയ്യും. അതിന്റെ വിരോധികളെല്ലാം പരാജയത്തിന്റെ പടുകുഴിയിൽ പതിക്കാൻ പോവുകയാണ്. എന്തു വന്നാലും സത്യസന്ദേശം മനസ്സിലാക്കുകയോ സ്വീകരിക്കുകയോ ചെയ്യുകയില്ലെന്നും തങ്ങൾ പിന്തുടരുന്ന ജാഹിലിയ്യത്തിന്റെ മാർഗത്തിൽ കടുകിട വ്യതിചലിക്കാതെ നിലകൊള്ളുമെന്നും പ്രതിജ്ഞയെടുത്തവർ മരിച്ചവരെപ്പോലെയാണ്. അവരുടെ കണ്ണും കാതും മനസ്സാക്ഷിയും നിർജീവമാകുന്നു. അത്തരക്കാരെ ദുർമാർഗത്തിൽനിന്ന് രക്ഷിച്ച് സന്മാർഗത്തിലേക്ക് നയിക്കാൻ പ്രവാചകന് കഴിയില്ല. മരിച്ചവരെ കേൾപ്പിക്കുക പ്രവാചകന്റെ ദൗത്യവുമല്ല. മൃതജഡത്തിനു തുല്യം ബാധിര്യം ബാധിച്ചവർക്കും സത്യസന്ദേശം കേൾപ്പിക്കാൻ അദ്ദേഹത്തിനാവില്ല- അവർ അദ്ദേഹത്തിൽനിന്ന് പുറംതിരിഞ്ഞ് ഓടിപ്പോകുമ്പോൾ വിശേഷിച്ചും. إِذَا وَلَّوْا مُدْبِرِينَ എന്ന ഉപാധിവാക്യം പ്രകാശിപ്പിക്കുന്ന ആശയം ഇതാണ്: ബധിരന്മാർ കേൾക്കുകയില്ലെങ്കിലും വക്താവിന്റെ അധരചലനങ്ങൾ താൽപര്യപൂർവം ശ്രവിക്കുകയാണെങ്കിൽ വല്ലതുമൊക്കെ ഗ്രഹിക്കാൻ കഴിഞ്ഞെന്നിരിക്കും. പക്ഷേ വക്താവിനെ അഭിമുഖീകരിക്കാൻ പോലും കൂട്ടാക്കാതെ പിന്തിരിഞ്ഞോടുന്നവരെ ആർക്കും ഒന്നും കേൾപ്പിക്കാൻ കഴിയില്ല. അത്തരം നിർഭാഗ്യവാന്മാരാണ് താങ്കളെ കണ്ണടച്ച് നിഷേധിച്ചുകൊണ്ടിരിക്കുന്നത്.

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ മനസ്സിലാക്കാനും അംഗീകരിക്കാനും സന്നദ്ധമാകുന്ന മനസ്സുള്ളവരെ മാത്രമേ ഇസ്‌ലാമിക പ്രബോധനം കേൾപ്പിക്കാൻ കഴിയൂ. അതില്ലാത്തവരോടുള്ള സത്യപ്രബോധനം ബധിരകർണങ്ങളെ സംഗീതം കേൾപ്പിക്കുന്നതുപോലെയാണ്. إِلَّا مَن يُؤْمِنُ എന്നാൽ വിശ്വസിക്കുന്നവർ എന്നാണ് വാക്കർഥം. ഖുർആൻ ചിലപ്പോൾ ഒരു കാര്യം ചെയ്യാൻ ഒരുക്കമുള്ളവൻ എന്ന അർഥത്തിലും അത് ചെയ്യുന്നവൻ എന്നു പറയും. അതനുസരിച്ച് ഇവിടെ إِلَّا مَن يُؤْمِنُ എന്ന് പറയുന്നത് إِلَّا مَن يَتَهَيَّأُ للايمان -വിശ്വസിക്കാൻ തയാറുള്ള

വൻ- എന്ന അർഥത്തിലാണെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. آياتنا -നമ്മുടെ ദൃഷ്ടാന്തങ്ങൾ- എന്നു പറഞ്ഞതിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ വിളങ്ങുന്ന ദൈവിക ദൃഷ്ടാന്തങ്ങളും പ്രവാചകനിലൂടെ പ്രത്യക്ഷമാകുന്ന ഖുർആൻ സൂക്തങ്ങൾ ഉൾപ്പെടെയുള്ള ദൃഷ്ടാന്തങ്ങളും പെടുന്നു. അതായത് സത്യം കേൾക്കാനും ഉൾക്കൊള്ളാനും സന്മനസ്സില്ലാത്തവർ ഈ അനുഗ്രഹത്തെ മാനിക്കുകയില്ല. സത്യം കേൾക്കാനും ഉൾക്കൊള്ളാനും ആഗ്രഹമുള്ള മനസ്സുകൾ തീർച്ചയായും ഈ സന്ദേശം മനസ്സിലാക്കുകയും വിശ്വാസം കൈക്കൊള്ളുകയും ചെയ്യുന്നു. പാരമ്പര്യ വിശ്വാസങ്ങളോ ദേശീയാചാരങ്ങളോ സ്വാർഥ താൽപര്യങ്ങളോ ആളുകളുടെ ആക്ഷേപങ്ങളോ ഒന്നും അവർക്ക് തടസ്സമാവുകയില്ല. അങ്ങനെയുള്ളവരാണ് അല്ലാഹുവിന്റെ ആജ്ഞാനുവർത്തികൾ- مسلمون- ആയിത്തീരുന്നത്.

അല്ലാഹു ഓരോ മനുഷ്യന്റെയും ഹൃദയാന്തരാളത്തിൽ ഒരു സത്യാന്വേഷണ താൽപര്യം നിക്ഷേപിച്ചിട്ടുണ്ട്. ഈ താൽപര്യത്തെ മാനിക്കുകയും വളർത്തുകയും ചെയ്യുന്നവർക്ക് സത്യധർമങ്ങളുടെ കൂടുതൽ വിശാലമായ പാത തുറന്നുകൊടുക്കുക എന്നത് അല്ലാഹുവിന്റെ സുന്നത്ത്-നടപടിക്രമം-ആകുന്നു. ഈ അന്തർബോധത്തെ സ്വയം അടിച്ചമർത്തുന്നവരുടെ മനസ്സാക്ഷി നിസ്തേജമാകുന്നു. അവർക്ക് തുറന്നുകിട്ടുന്നത് അസത്യത്തിന്റെയും അധർമത്തിന്റെയും വിശാല വീഥികളായിരിക്കും.

ജീവിച്ചിരിക്കുന്നവർക്ക് മരിച്ചവരുമായി സംസാരിക്കാനോ അവരുടെ സംസാരം കേൾക്കാനോ സ്വന്തം സംസാരം അവരെ കേൾപ്പിക്കാനോ കഴിയില്ലെന്ന് ഈ സൂക്തങ്ങൾ ഖണ്ഡിതമായി പ്രസ്താവിക്കുന്നു. إِنَّكَ لَا تُسْمِعُ (തീർച്ചയായും നിനക്ക് കേൾപ്പിക്കാനാവില്ല) എന്ന വാക്ക് പ്രവാചകനു പോലും അതു സാധ്യമല്ലെന്ന് സ്പഷ്ടമാക്കുന്നു. എന്നാൽ മരിച്ചവർ ജീവിച്ചിരിക്കുന്നവരുടെ സംസാരം കേൾക്കുക മാത്രമല്ല അതിനുത്തരം നൽകുകയും ചെയ്യുമെന്നാണ് ബഹുദൈവ വിശ്വാസികളിൽ നല്ലൊരു വിഭാഗം വിശ്വസിക്കുന്നത്. അവർ ദൈവങ്ങളായി പൂജിക്കുന്ന പലരും നേരത്തേ മരിച്ചുപോയ പുണ്യാത്മാക്കളാണ്. മരണമടയുന്നതോടെ അവർ ദൈവങ്ങളുടെ പദവിയിലേക്കുയർത്തപ്പെടുന്നു. പിന്നെ അവരെ ആരാധിക്കുകയും, ആഗ്രഹസാഫല്യത്തിനും ആപത്‌രക്ഷക്കും അവരോട് പ്രാർഥിക്കുകയും ചെയ്യാൻ തുടങ്ങുന്നു. സുവ്യക്തമായ ഉപരിസൂചിത സൂക്തങ്ങളിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുന്ന മുസ്ലിംകളിലും ചിലർ മരിച്ചുപോയവർക്ക് ജീവിക്കുന്നവരെ കേൾക്കാനും ഉത്തരം നൽകാനും കഴിയും എന്നു കരുതുന്നുണ്ട്. ഈ സങ്കൽപത്തെ ആധാരമാക്കിയാണ് മരിച്ചുപോയ പുണ്യാത്മാക്കളുമായി ബന്ധപ്പെടുത്തിയുള്ള തവസ്സുൽ, ഇസ്തിഗാസ (മൺമറഞ്ഞ പുണ്യാത്മാക്കളുടെ മാധ്യസ്ഥത്തിൽ ദൈവത്തോട് പ്രാർഥിക്കൽ, പുണ്യാത്മാക്കളോട് നേരിട്ട് പ്രാർഥിക്കൽ) തുടങ്ങിയ അനാചാരങ്ങൾ വളർന്നുവന്നത്.

ജീവിച്ചിരിക്കുന്നവർക്ക് മരിച്ചവരെ കേൾപ്പിക്കാൻ കഴിയും എന്ന വാദത്തിനു തെളിവായി ചില നിവേദനങ്ങൾ ഉദ്ധരിക്കപ്പെടുന്നുണ്ട്. പ്രവാചകൻ പ്രസ്താവിച്ചതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: ''ദൈവദാസൻ ഖബ്റിലടക്കപ്പെട്ട് ആളുകൾ പിരിഞ്ഞുപോകുമ്പോൾ അയാൾ അവരുടെ ചെരിപ്പടി കേൾക്കുന്നുണ്ടാകും''. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു നിവേദനത്തിൽ, ബദ്റിൽ കൊല്ലപ്പെട്ടവരോട് നബി(സ) സംസാരിച്ചതായി പറയുന്നുണ്ട്. ആ സന്ദർഭത്തിൽ ശിഷ്യന്മാർ അദ്ദേഹത്തോട് ചോദിച്ചു. 'തിരുദൂതരേ, ജീവനില്ലാത്ത കേവല ജഡങ്ങളോടാണല്ലോ അങ്ങ് സംസാരിക്കുന്നത്.' തിരുമേനിയുടെ പ്രതികരണം ഇതായിരുന്നു: 'മുഹമ്മദിന്റെ ആത്മാവ് ആരുടെ ഹസ്തത്തിലാണോ അവനാണ, ഞാൻ പറയുന്നത് അവരേക്കാൾ കേൾക്കുന്നവരല്ല നിങ്ങൾ.''

അല്ലാഹു ഓരോ മനുഷ്യന്റെയും ഹൃദയാന്തരാളത്തിൽ ഒരു സത്യാന്വേഷണ താൽപര്യം നിക്ഷേപിച്ചിട്ടുണ്ട്. ഈ താൽപര്യത്തെ മാനിക്കുകയും വളർത്തുകയും ചെയ്യുന്നവർക്ക് സത്യധർമങ്ങളുടെ കൂടുതൽ വിശാലമായ പാത തുറന്നുകൊടുക്കുക എന്നത് അല്ലാഹുവിന്റെ സുന്നത്ത്-നടപടിക്രമം-ആകുന്നു. ഈ അന്തർബോധത്തെ സ്വയം അടിച്ചമർത്തുന്നവരുടെ മനസ്സാക്ഷി നിസ്തേജമാകുന്നു. അവർക്ക് തുറന്നുകിട്ടുന്നത് അസത്യത്തിന്റെയും അധർമത്തിന്റെയും വിശാല വീഥികളായിരിക്കും.

ചില നിവേദനങ്ങൾ കൊണ്ട് മേൽസൂക്തങ്ങളുടെ വിധി ഫലത്തിൽ റദ്ദായിപ്പോയി എന്ന നിലപാടിലാണ് ഇസ്തിഗാസയുടെയും മറ്റും വക്താക്കൾ. എന്നാൽ ഖുർആൻ ഒന്നാം പ്രമാണവും ഹദീസ് രണ്ടാം പ്രമാണവുമാകുന്നു. രണ്ടാം പ്രമാണം ഒന്നാം പ്രമാണത്തിന് വിരുദ്ധമായി വരുമ്പോൾ റദ്ദാവുക രണ്ടാം പ്രമാണമാണ്. നിവേദനം വ്യാജമല്ലെന്ന് ഉറപ്പാവുകയാണെങ്കിൽ ഖുർആനിക വിധിക്ക് വിരുദ്ധമാകാത്ത ആശയമായിരിക്കും അതിനുണ്ടാവുക എന്ന് ഉറപ്പാണ്. മുകളിലുദ്ധരിച്ച നിവേദനങ്ങൾ പ്രബലങ്ങളാണെന്ന് അംഗീകരിച്ചിട്ടുള്ള പണ്ഡിതന്മാർ ഖുർആൻ സൂക്തങ്ങളെയും നിവേദനങ്ങളെയും സമരസപ്പെടുത്തുന്നത് ഇങ്ങനെയാണ്: ഖുർആൻ പ്രവാചകന് മരിച്ചവരെ കേൾപ്പിക്കാനാവില്ല എന്ന് പറഞ്ഞത് മരിച്ചവർ ഒന്നും കേൾക്കുകയില്ല എന്ന അർഥത്തിലല്ല. മരിച്ചവരിൽ അദ്ദേഹത്തിന്റെ സംസാരത്തിന് പ്രതികരണമുളവാക്കാൻ കഴിയില്ല എന്ന അർഥത്തിലാണ്. ചിന്തിക്കാനും ഗ്രഹിക്കാനും തയാറാവാതെ അന്ധവിശ്വാസങ്ങളിൽ അടിയുറച്ചുനിൽക്കുന്നവരെ സദുപദേശം ചെയ്യുന്നത് മരിച്ചവരോട് സംസാരിക്കുന്നതുപോലെയാണ്. മരിച്ചവർ കേൾക്കുന്നതുപോലെ അവരും

അത് കേൾക്കുക മാത്രം ചെയ്യുന്നു. യാതൊരു പ്രതികരണവും അവരിൽനിന്നുണ്ടാവില്ല. ഈ വ്യാഖ്യാനത്തിന് ചില ദൗർബല്യങ്ങളുണ്ട്. അതവഗണിച്ചുകൊണ്ട് സ്വീകരിച്ചാൽ തന്നെ ഇത് തവസ്സുൽ -ഇസ്തിഗാസകളെ സാധൂകരിക്കുന്നില്ല. മധ്യസ്ഥതാ അപേക്ഷയോടും ശരണാർഥനയോടും പ്രതികരിക്കാനാവാത്തവരോട് അതൊക്കെ നടത്തിയിട്ടെന്തു കാര്യം?!

മറ്റൊരു വ്യാഖ്യാനം ഇതാണ്: മരണം മനുഷ്യനെ ഭൗതിക ലോകവുമായുള്ള എല്ലാ ബന്ധങ്ങളിൽനിന്നും വിഛേദിക്കുന്നു. അവന്റെ ആത്മാവ് സ്ഥലകാലാതീതമായ ബർസഖീ ലോകത്തെത്തുന്നു. ജഡം ജീർണിച്ച് മണ്ണായിത്തീരുന്നു. പിന്നെ ജീവിച്ചിരിക്കുന്നവർക്ക് അവരെ കേൾക്കാനോ കേൾപ്പിക്കാനോ സാധ്യമല്ല. ഉയിർത്തെഴുന്നേൽപ്പുനാൾ വരെ ഈ അവസ്ഥ തുടരും.

മരിച്ചവർ ജീവിച്ചിരിക്കുന്നവരെ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്നു പറയുന്നതിനർഥം അവർ ഇപ്പോൾതന്നെ ഉയിർത്തെഴുന്നേറ്റ് ഭൗതികസൃഷ്ടികളുമായി ബന്ധപ്പെടുകയും മനുഷ്യരുടെ ജീവിതത്തിൽ ഇടപെടുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ്. ഇതുതന്നെയാണ് ബഹുദൈവ മതവിഭാഗങ്ങൾ പുലർത്തുന്ന പ്രേതവിശ്വാസം. ഖുർആൻ ഇത്തരം അന്ധവിശ്വാസങ്ങളെയെല്ലാം ശക്തിയുക്തം നിഷേധിക്കുകയാണ്. ഇസ്‌ലാമിൽ അതിമഹനീയരായ പുണ്യാത്മാക്കളാണ് സത്യധർമങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ജീവത്യാഗം ചെയ്ത രക്തസാക്ഷികൾ. അവർ മരണാനന്തരം അല്ലാഹുവിങ്കൽ ജീവിക്കുന്നു. ആ ജീവിതം പോലും ഭൗതികലോകത്ത് ജീവിക്കുന്ന മനുഷ്യർക്ക് അറിയാൻ കഴിയില്ല.

وَلَا تَقُولُوا لِمَن يُقْتَلُ فِي سَبِيلِ اللَّهِ أَمْوَاتٌ بَلْ أَحْيَاءٌ وَلَٰكِن لَّا تَشْعُرُونَ

(ദൈവിക മാർഗത്തിൽ വധിക്കപ്പെട്ടവരെ മരിച്ചുപോയവരെന്ന് നിങ്ങൾ പറയരുത്. അല്ല; അവർ തങ്ങളുടെ വിധാതാവിങ്കൽ ജീവിക്കുകയാണ്. പക്ഷേ, നിങ്ങൾ അതറിയുന്നില്ല - 2: 154). അല്ലാഹുവല്ലാത്ത പ്രാർഥിക്കപ്പെടുന്നവരെക്കുറിച്ച ഈ സൂറയിലെ 21-ാം സൂക്തവും അനുസ്മരണീയമാകുന്നു: ''ജീവനില്ലാത്ത മൃതജഡങ്ങളാണവരൊക്കെയും. തങ്ങൾ എപ്പോഴാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുകയെന്നു പോലും അവർക്കറിയില്ല.'' മരിച്ചുപോയവരുടെ ഈ ലോകത്തെ അസ്തിത്വവും കഴിവുകളും വിഗ്രഹങ്ങളുടേതുപോലെ കേവലം സാങ്കൽപികമാണ്. അവർക്ക് കാണാൻ കണ്ണുകളോ കേൾക്കാൻ കാതുകളോ നടക്കാൻ കാലുകളോ പിടിക്കാൻ കൈകളോ അറിയാൻ മനസ്സുകളോ ഇല്ല. കണ്ണുണ്ടായിട്ടും കാണാത്ത, കാതുണ്ടായിട്ടും കേൾക്കാത്ത, മനസ്സുണ്ടായിട്ടും ചിന്തിക്കാത്ത കേവലം കാലികളെപ്പോലുള്ളവരോ, അവരേക്കാൾ മൂഢരോ ആണ് അവരെ ആരാധിക്കുന്നതെന്നാണ് ഖുർആന്റെ വീക്ഷണം (7: 179,195).

തവസ്സുൽ ഇസ്‌ലാമിൽ നിർബന്ധമായതും അനുവദനീയമായതും നിഷിദ്ധമായതുമുണ്ട്. അതു സംബന്ധിച്ച ചർച്ച *ഖുർആൻ ബോധനം* സൂറ *അൽമാഇദ* 35-ാം സൂക്തത്തിനു താഴെ വായിക്കാം. ■